# MUNDAKAYAM GRAMA PANCHAYAT OFFICE

MUNDAKAYAM,PIN-686513,KOTTAYAM (DIST)

**Phone : 04828-272490** **E-mail:mundakkayamgpktm@gmail.com**

**നമ്പർ :എസ്.സി3- 666/26** **തീയതി : 08/09/2026**

## <u>ടെണ്ടർ നോട്ടീസ്</u>

മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മിനിമാസ്റ്റ് /ഹൈമാസ്റ്റ് ലൈറ്റിന് എ എം സി (Project No: 132/27) എന്ന പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ അംഗീകൃത ഏജൻസികളിൽ / അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി പ്രകാരം നിശ്ചിത മാതൃകയിലുള്ള മൽസര സ്വഭാവമുള്ള ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ Mo | പ്രോ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ടെണ്ടർ ഫോം വില | നിരത ദ്രവ്യം |
|---|---|---|---|---|---|
| 1 | 132/27 | മിനിമാസ്റ്റ് /ഹൈമാസ്റ്റ് ലൈറ്റിന് എ എം സി | 400000 | 800+ജി.എസ്.റ്റി | 10000 |

## <u>ടെണ്ടർ നിബന്ധനകൾ</u>

1. ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി 22/09/2026, 3 പി.എം, അന്നേ ദിവസം 4 പി എം ന് അഗീകൃത ബിഡർമാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്

2. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തി സമർപ്പിക്കപ്പെടുന്ന ടെൻഡർ നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുന്നതാണ്. ടെൻഡറുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും മാറ്റിവെക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും. ടെൻഡർ സമർപ്പിക്കുമ്പോൾ മേൽവിലാസത്തോടൊപ്പം ഫോൺ നമ്പർ, ഇ-മെയിൽ വിലാസം തുടങ്ങിയവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

3. സർക്കാർ അംഗികൃത ഏജൻസികൾക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കുന്നതിന് സാധിക്കുകയുള്ളൂ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചതിന്റെ സർക്കാർ ഉത്തരവ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. ഏതിനത്തിനാണ് അക്രഡിറ്റേഷൻ(പി.എം.സി) എന്നത് സംബന്ധിച്ച രേഖകളും വാലിഡിറ്റിയും ഉള്ളടക്കം ചെയ്യേണ്ടതാണ്.

4. ടെണ്ടർ സമർപ്പിക്കുന്നതിനോടൊപ്പം ഇം.എം.ഡി ഫോറം വില എന്നിവ ഒടുക്കിയ രേഖകൾ (ഇ.എം.ഡി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ സമർപ്പിക്കേണ്ടതാണ്) ജി.എസ്.ടിരജിസ്ട്രേഷൻ, കരാറുകാരന്റെ ലൈസൻസ് സംബന്ധിച്ചുള്ള രേഖകളുടെ പകർപ്പ് 200 രൂപ മുദ്ര പത്രത്തിൽ പ്രാഥമിക കരാർ ഉടമ്പടി എന്നിവയും സമർപ്പിക്കേണ്ടതാണ്.

5. ടെണ്ടർ ലഭിക്കുന്ന ആൾ ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിക്കുന്ന തിയതി മുതൽ 7 ദിവസത്തിനുള്ളിൽ (ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി 200 സ്വന്തം ചെലവിൽ കരാറിൽ

ഏർപ്പെടേണ്ടതും. കരാർ തിയതി മുതല് 1 വർഷത്തേക്ക് ഗ്രാമപഞ്ചായത്ത് പരിധിയിലെ ഹൈമാസ്റ്റ്/മിനിമാസ്റ്റ്. അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തിപ്പിക്കേണ്ടതുമാണ്

6. കേരള പഞ്ചായത്ത് രാജ് ആക്ടിലെ ചട്ടങ്ങളും, പ്രൊക്യൂർമെൻ്റ് മാന്വൽ പ്രകാരമുള്ള പൊതു നിബന്ധനകളും ഈ ടെണ്ടറിന് ബാധകമായിരിക്കും.

**<u>പ്രൊജക്ട് നമ്പർ- 135/2027</u>**

മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് തല എം.സിഎഫ് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് സ്ഥലം സൌജന്യമായോ വിലയ്ക്കോ നൽകാൻ തയ്യാറുള്ളവർ 22/09/2026 തീയതിക്കകം കരം അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ബാധ്യതാ രഹിത സർട്ടിഫിക്കറ്റ്, ആധാരത്തിൻറെ പകർപ്പ് എന്നിവ സഹിതം പഞ്ചായത്തിൽ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത സ്ഥലം ജനവാസ കേന്ദ്രങ്ങളിൽ നിന്നും കുറഞ്ഞത് 300 മീറ്റർ അകലം പാലിക്കുന്നതും പ്രധാന റോഡിൽ നിന്നും വസ്തുവിലേയ്ക്ക് 6 മീറ്ററിൽ കുറയാത്ത വീതിയുള്ള പ്രവേശന മാർഗ്ഗം ഉണ്ടാവേണ്ട താണ്. പ്രസ്തുത സ്ഥലത്തിന് ഫെയര്ർ വാല്യു പ്രകാരമുള്ള തുക മാത്രമേ അനുവദിക്കുകയുള്ളൂ.

# ടെണ്ടർ/ക്വട്ടേഷൻ പരസ്യം

നം.25/2026 തീയതി : 08.09.2026

മുണ്ടക്കയം ഗ്രാമപഞ്ചായത്ത് 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പദ്ധതിയായ പ്രോജക്ട് നം.162/26 "സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം" ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഗവ.എൽ.പി. സ്കൂൾ വേലനിലം, ഗവ.എൽ.പി. സ്കൂൾ മുരിക്കുംവയൽ, ഗവ.എൽ.പി.സ്കൂൾ ഭദ്രാമഠം എന്നീ സ്കൂളുകളിലെ 208 കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ചുവടെ ചേർക്കുന്ന മെനുപ്രകാരം എത്തിച്ച് നൽകുതിന് മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ ഭക്ഷണ ശാലകളിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു. പദ്ധതി അടങ്കൽ 8,00,000/-(എട്ട് ലക്ഷം രൂപ)യാണ്. ഗവ. എൽ.പി.സ്കൂൾ വേലനിലം 53 കുട്ടികളും, ഗവ.എൽ.പി. സ്കൂൾ ഭദ്രാമഠം 56 കുട്ടികളും, ഗവ.എൽ.പി. സ്കൂൾ മുരിക്കുംവയലിൽ 99 കുട്ടികൾക്കുമാണ് പ്രഭാതഭക്ഷണം എത്തിച്ച് നൽകേണ്ടത്. പ്രഭാതഭക്ഷണം രാവിലെ 9.30 ന് സ്കൂളുകളിൽ എത്തിച്ചുനൽകേണ്ടതും രക്ഷകതൃസമിതിയുടെ സാന്നിദ്ധ്യത്തിൽ കുട്ടികൾക്ക് വിതരണം നടത്തേണ്ടതുമാണ്. താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങൾ 2026 സെപ്റ്റംബർ 22 ന് വൈകുന്നേരം 05.00 മണിക്ക് മുമ്പായി GST ഉൾപ്പെടെയുള്ള തുക കോട്ട് ചെയ്ത് മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ നിരതദ്രവ്യം അടച്ച് ടെണ്ടർ നൽകേണ്ടതാണ്. ടെണ്ടർ ലഭിക്കുന്ന കുടുംബശ്രീ ഭക്ഷണ ശാല സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് കരാറിൽ ഏർപ്പെട്ട് പദ്ധതി നടപ്പാക്കേണ്ടതാണ്. ടെണ്ടർ ഫോറം ഗ്രാമപഞ്ചായത്തിൽ പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാണ്.

പ്രഭാതഭക്ഷണ മെനു.

1. അപ്പം, കടലകറി/ഗ്രീൻപീസ് കറി
2. ഇഡലി-ചട്നി
3. ദോശ -സാമ്പാർ
4. അപ്പം-മുട്ടക്കറി
5. ഉപ്പ്മാവ്-ഏത്തപ്പഴം പുഴുങ്ങിയത് മുട്ട